**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2798** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കോതക്കുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 12 കോടി രൂപയ്ക്ക് 19.07.2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ 1.13 ഏക്കർ സർക്കാർ വക ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 0.3073 ഹെക്ടർ (81 സെന്റ്) റവന്യൂ ഭൂമിയും, 0.1556 ഹെക്ടർ (32 സെന്റ്) കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയുമാണ്.<br><br>ഈ ഭൂമി ചുരുങ്ങിയ പാട്ട തുക നിശ്ചയിച്ച് കെ.എസ്.ഇ.ബി.എൽ-ന് കൈമാറുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ അവരുടെ ഭൂമിയിൽ സബ്സ്റ്റേഷൻ നിർമ്മിക്കാൻ നിരുപാധികം അനുമതി നൽകുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത 110 KV സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കോതക്കുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 12 കോടി രൂപയ്ക്ക് 19.07.2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ 1.13 ഏക്കർ സർക്കാർ വക ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 0.3073 ഹെക്ടർ (81 സെന്റ്) റവന്യൂ ഭൂമിയും, 0.1556 ഹെക്ടർ (32 സെന്റ്) കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയുമാണ്. |

| | | | |
|---|---|---|---|
| | | | ഈ ഭൂമി ചുരുങ്ങിയ പാട്ട തുക നിശ്ചയിച്ച് കെ.എസ്.ഇ.ബി.എൽ-ന് കൈമാറുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ അവരുടെ ഭൂമിയിൽ സബ്സ്റ്റേഷൻ നിർമ്മിക്കാൻ നിരുപാധികം അനുമതി നൽകുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത 110 KV സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ